DWCD/4351/2022-ICDSB2

I/60691/2022

Break the chain

വനിതശിശുവികസനഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി :28-09-2022
Email -wcdicdsb2@gmail.com
Phone : 0471 – 2346534

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ് - 2022 ഒക്ടോബർ 2 - ഐസിഡിഎസ് ദിനാചരണം- **മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

സൂചന:

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. ഒക്ടോബർ 2 ഐസിഡിഎസ് ദിനമായി ആചരിച്ച് വരുന്നു. ഈ വർഷവും ഒക്ടോബർ 2 ന് ഐസിഡിഎസ് ദിനം/ ഗാന്ധി ജയന്തി എന്നിവ ആചരിക്കേണ്ടതാണ്. ഈ വർഷം ഐസിഡിഎസ് ദിനത്തോടനുബന്ധിച്ച് ചുവടെ വിവരിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകുന്നു.

1. ഐ സി ഡി എസിന്റെ പ്രാധാന്യം, സേവനങ്ങൾ, എന്നിവ സംബന്ധിച്ച് പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ അന്നേ ദിവസം പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

2. പരിപാടിയിൽ ALMSC അംഗങ്ങൾ, ജനപ്രധിനിധികൾ, കൗമാര കുട്ടികൾ, ആരോഗ്യ പ്രവർത്തകർ സാമൂഹ്യ പ്രവർത്തകർ, രക്ഷിതാക്കൾ, എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ആയതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് ശിശുവികസന പദ്ധതി ഓഫീസർമാർ നൽകേണ്ടതാണ്.

3. ALMSC അംഗങ്ങളുടെ സഹകരണത്തോടെ അങ്കണവാടിയും പരിസരവും ശുചീകരണം. പൂർവ്വ വിദ്യാർത്ഥി സംഗമം എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

4. പ്രീ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി ഗാന്ധി ജയന്തി ക്വിസ്, കലാപരിപാടികൾ, തുടങ്ങിയവ സംഘടിപ്പിക്കാവുന്നതും, ആരോഗ്യ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ, ALMSC പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഐസിഡിഎസിന്റെ സേവനങ്ങളെ കുറിച്ച് അങ്കണവാടി വർക്കർ, സൂപ്പർവൈസർ എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുമാണ്.

5. ഗാന്ധി ജയന്തി ദിനാചരണം സംഘടിപ്പിച്ചതിന് ശേഷം ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ പ്രോഗ്രാം ഓഫീസർമാരും ഒക്ടോബർ 10-ാം തീയതിക്കകം wcdicdsb2@gmail.com എന്ന മെയിലേക്ക് അയച്ച് നൽകേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി